# കേരള കാർഷിക സർവ്വകലാശാല

## കോളേജ് ഓഫ് ഫോറസ്ട്രി

വെള്ളാനിക്കര, തൃശ്ശൂർ: 680 656

നം.സി.ഒ.എഫ്/ജിഎൽ (1)1893/17 തീയതി: 28/09/2021

## ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര ഫോറസ്ട്രി കോളേജിലെ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും, സ്റ്റാഫ് അംഗങ്ങൾക്കും കൂടാതെ ഇവിടെ എത്തുന്ന അതിഥികൾക്കും ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനായി കരാറടിസ്ഥാനത്തിൽ **20.10.2021 മുതൽ 19.10.2022 വരെ** ഒരു വർഷത്തേക്ക് കോളേജ് ക്യാമ്പസിലെ കാന്റീൻ നടത്തികൊണ്ടുപോകുന്നതിന് താഴെ പറയുന്ന ഭക്ഷണസാധനങ്ങളുടെ മിതമായ നിരക്കുകളടങ്ങിയ മത്സരസ്വഭാവമുള്ള മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | ഇനം | | അളവുകൾ |
|---|---|---|---|
| 1. | ചായ | പാൽ ചേർത്തത് | 200 ml |
| 2. | കാപ്പി | " | 200 ml |
| 3. | ദോശ | | 50 gm കുറയാതെ |
| 4. | ഇഡ്ഡലി | | 50 gm കുറയാതെ |
| 5. | വെള്ളയപ്പം | | 200 gm |
| 6. | അട | | 200 gm |
| 7. | പൂരി 3 എണ്ണം | | 200 gm |
| 8. | പുട്ട് 1 കഷ്ണം | | 150 gm |
| 9. | കടല, ഉരുളക്കിഴങ്ങ് കറി, ഗ്രീൻപീസ്, തുടങ്ങിയ പ്രത്യേക കറികൾ | ചെറിയ പ്ലേറ്റ് | 150 gm |
| 10. | ഉണ്ണിയപ്പം/പഴംപൊരി/സമൂസ/പരിപ്പുവട/ ഉഴുന്നുവട | | 1 |
| 11. | പൊറോട്ട | | 1 |
| 12. | ചപ്പാത്തി | | 1 |
| 13. | മുട്ടകറി/മുട്ടറോസ്റ്റ് | | 1 |
| 14. | ഓംലറ്റ് | | 1 കോഴിമുട്ട |
| 15. | കോഴിക്കറി | ചെറിയ പ്ലേറ്റ് | 100 gm |
| 16. | കോഴിക്കറി | വലിയ പ്ലേറ്റ് | 150 gm |
| 17. | കോഴിഫ്രൈ | ചെറിയ പ്ലേറ്റ് | 100 gm |
| 18. | മട്ടൺകറി | വലിയ പ്ലേറ്റ് | 150 gm |
| 19. | മട്ടൺകറി | ചെറിയ പ്ലേറ്റ് | 100 gm |
| 20. | ബീഫ് ഫ്രൈ | ചെറിയ പ്ലേറ്റ് | 100 gm |
| 21. | ബീഫ് കറി | വലിയ പ്ലേറ്റ് | 150 gm |
| 22. | ബീഫ് കറി | ചെറിയ പ്ലേറ്റ് | 100 gm |
| 23. | മട്ടൺഫ്രൈ | ചെറിയ പ്ലേറ്റ് | 100 gm |
| 24. | ചോറ് നല്ല അരി കൊണ്ടുണ്ടാക്കിയത്, കറികൾ മിനിമം മൂന്നെണ്ണം (ഒഴിച്ചു കറി (1 എണ്ണം), ചെറു കറികൾ – (2 എണ്ണം,) അച്ചാർ, പപ്പടം – 1, രസം, മോര് ആവശ്യാനുസരണം, കൊണ്ടാട്ടം) | | ആവശ്യത്തിന് |
| 25. | ശീതളപാനീയങ്ങൾ | | അച്ചടിച്ച വിലയ്ക്ക് |

(മറുപുറം)

**കരാർ വ്യവസ്ഥകൾ**

1. ക്വട്ടേഷൻ നൽകുന്ന വ്യക്തികൾക്ക് വെജിറ്റേറിയൻ, നോൺവെജിറ്റേറിയൻ ഭക്ഷണങ്ങൾ പാചകം ചെയ്യുന്നതിൽ പ്രാവീണ്യമുണ്ടായിരിക്കണം.
2. പാചകത്തിനാവശ്യമായ സാധനങ്ങൾ, വെള്ളം, വൈദ്യുതി എന്നിവ കാന്റീനിൽ ലഭ്യമാക്കുന്നതാണ്.
3. കാന്റീൻ നടത്തിപ്പിനാവശ്യമായ ഹാൾ, അടുക്കള, അത്യാവശ്യം വേണ്ട കസേരകൾ തുടങ്ങിയവ ലഭ്യമാക്കുന്നതാണ്.
4. പാചകത്തിനാവശ്യമായ ഗ്യാസ്, പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, മത്സ്യമാംസാദികൾ എന്നിവ മാർക്കറ്റിൽ നിന്നും ആവശ്യാനുസരണം വാങ്ങേണ്ടതാണ്.
5. കാന്റീനിലെ ഹാളും അടുക്കളയും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ആഴ്ചയിലൊരിക്കൽ സോപ്പുപയോഗിച്ച് കഴുകി വൃത്തിയാക്കേണ്ടതാണ്.
6. പാചകം ചെയ്യുമ്പോൾ ശുചിത്വം പാലിക്കേണ്ടത് അത്യാവശ്യമാണ്. തിളപ്പിച്ചവെള്ളം/ഫിൽട്ടർവാട്ടർ മാത്രമെ കുടിക്കാനായി നൽകാവൂ.
7. ഭക്ഷണസാധനങ്ങൾ നിർദ്ദിഷ്ടസമയങ്ങളിൽ നൽകുകയും, വൃത്തിയായി വിളമ്പുകയും വേണം.
8. കരാറുകാരനും, സഹായികൾക്കും അടുക്കളയിലും ഹാളിലുമല്ലാതെ മറ്റ് ഓഫീസ് മുറികളിൽ പ്രവേശനമുണ്ടായിരിക്കുന്നതല്ല.
9. മുകളിൽ പറഞ്ഞിരിക്കുന്ന ആഹാരസാധനങ്ങളുടെ ഇനം തിരിച്ചുള്ള വിലകൾ ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.
10. മിച്ചം വരുന്ന ആഹാരസാധനങ്ങൾ/പ്ലാസ്റ്റിക് കവറുകൾ/ഒഴിഞ്ഞ കുപ്പികൾ/ചകിരി, ചിരട്ട മുതലായവ തരംതിരിച്ച് സൂക്ഷിക്കേണ്ടതും പരിസര/അന്തരീക്ഷ മലിനീകരണത്തിനിടയാക്കാതെ സംസ്കരിക്കേണ്ടതുമാണ്.
11. ഭക്ഷണത്തിന്റെ ഗുണനിലവാരവും, രുചിയും, സേവന നിലവാരവും വിലയിരുത്തി തൃപ്തികരമല്ലെങ്കിൽ ഉടൻതന്നെ കരാർ അവസാനിപ്പിച്ച് തൊട്ടടുത്ത കരാറുകാരെ ഏൽപ്പിക്കുന്നതാണ്.
12. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ 1000 രൂപ നിരതദ്രവ്യമായി നൽകേണ്ടതാണ്.
13. കാന്റീൻ കെട്ടിടത്തിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുതി മീറ്ററിൽ രേഖപ്പെടുത്തിവരുന്ന യൂണിറ്റ് പ്രകാരമുള്ള വൈദ്യുതി ചാർജ്ജ് കരാറുകാരൻ പൂർണമായും വഹിക്കേണ്ടതാണ്.
14. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി എല്ലാ കോവിഡ് മാനദണ്ഡങ്ങളും കാന്റീനിൽ പാലിക്കേണ്ടതാണ്. ഇതു സംബന്ധിച്ച സർക്കാർനിയന്ത്രണങ്ങൾനിലനിൽക്കുന്നതുവരെ പാർസൽമാത്രമേ അനുവദിക്കുകയുള്ളൂ.
15. ഫാക്കൽറ്റി ഡീനിന്റെ അംഗീകാരത്തിന് വിധേയമായി ക്വട്ടേഷനിൽപറഞ്ഞിട്ടുള്ള വിലയിൽ നിന്നും കാലാനുസൃതമായി വിപണിയിലുണ്ടാകുന്ന വിലവ്യത്യാസം കണക്കിലെടുത്ത് വില മാറ്റി നിശ്ചയിക്കുവാനും ക്വട്ടേഷൻ ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങളുടെ വില നിർണ്ണയിക്കുവാനും കാന്റീൻ കമ്മറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
16. കരാർ കാലയളവിൽ ഏതെങ്കിലും കരാർ വ്യവസ്ഥകൾ ലംഘിച്ചതായി ബോദ്ധ്യപ്പെട്ടാൽ, കാന്റീൻ കമ്മിറ്റിയുടെ ശുപാർശക്ക് വിധേയമായി കരാർ റദ്ദാക്കുവാൻ ഫാക്കൽറ്റി ഡീനിന് അധികാരം ഉണ്ടായിരിക്കും.
17. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

മുദ്രവെച്ച ക്വട്ടേഷനുകൾ **20.10.2021** രാവിലെ 11 മണി വരെ ഡീൻഓഫ് ഫാക്കൽറ്റി, കോളേജ് ഓഫ് ഫോറസ്ട്രി, വെള്ളാനിക്കര:680656 എന്ന വിലാസത്തിൽ സമർപ്പിക്കാവുന്നതും, ആയത് അന്നേ ദിവസം രാവിലെ 11.30- ന് സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിയുടെ പേരിൽ ഉചിതമെന്ന് തോന്നുന്ന പക്ഷം മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷൻ ഉറപ്പിക്കുന്നതുമായിരിക്കും..

കരാർ ഉറപ്പിച്ച് കിട്ടുന്ന ആൾ, ഉറപ്പിക്കുന്ന ദിവസം തന്നെ സെക്യൂരിറ്റി ഡെപ്പോസിറ്റ് 2500 രൂപ (രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം) പണമായി ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. പ്രസ്തുത കരാർ കാലാവധി തൃപ്തികരമായി തീരുന്ന പക്ഷം തുക പലിശയില്ലാതെ മടക്കി കൊടുക്കുന്നതാണ്. കാന്റീൻ കരാർ ഉറപ്പിച്ചതായുള്ള വിവരം ലഭിച്ച് 2 ദിവസത്തിനകം സ്വന്തം പേരിൽ വാങ്ങിയ 200 രൂപയുടെ മുദ്രകടലാസിൽ ബന്ധപ്പെട്ട കരാർ എഴുതി ഫാക്കൽറ്റി ഡീനിന് ഏൽപ്പിക്കണം. ആയതിനുശേഷമേ കാന്റീൻ പ്രവർത്തനം തുടങ്ങാൻഅനുവദിക്കുകയുള്ളൂ.

ക്വട്ടേഷൻ അടക്കം ചെയ്ത് കവറിന് പുറത്ത് **"വെള്ളാനിക്കര ഫോറസ്ട്രി കോളേജിൽ കാന്റീൻ നടത്തുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് എഴുതിയിരിക്കേണ്ടതാണ്. ക്വട്ടേഷൻ കാരണം കൂടാതെ റദ്ദു ചെയ്യുന്നതിനുള്ള അധികാരം ഡീനിൽ നിക്ഷിപ്തമാണ്.

(ഒപ്പ്)

ഡോ.അനൂപ് ഇ.വി

ഡീൻ ഓഫ് ഫാക്കൽറ്റി

പകർപ്പ് : നോട്ടീസ് ബോർഡ്, കെ.എ.യു ഹെഡ് ഓഫീസ് / അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കര/ഫോറസ്ട്രി കോളേജ് /കെ.എ.യു.വെബ്സൈറ്റ്

\\ഉത്തരവിൻപ്രകാരം അയക്കുന്നത്//

സെക്ഷൻഓഫീസർ